കവിത



# പൊറുതികേട്

**വി. മോഹനൻ**

പന്നി.....
നിന്നെ
അവിടന്നും വിടില്ലെടാ......
എന്ന് പറയണമെന്നുണ്ടെനിക്ക്.

ദേശഭക്ത പൊലയാടിമോന്റെ ഗദ്യഗീതത്തിൽ
ലങ്കേഷ് കന്നഡത്തിൽ
കൊടുമ്പിരി കൊണ്ടപ്പോൾ
ഫ! പുലയാടിമക്കളെ
ഖദറിൽ, സിൽക്കിൽ, പൊള്ളത്തലയിൽ.......
എന്ന് വൈലോപ്പിള്ളി ഉയിർ കൊടുത്തെങ്കിൽ
പറയാതിരുന്നുകൂടാ
പോയപോക്കിലും നിന്നെ....
ഹേ ! ദുരാത്മാവേ
ദുഷ്ട ജന്മമേ
കരിങ്കാലി.......

നിന്നോടൊപ്പം ചേർക്കുമ്പോൾ
അർത്ഥോല്പാദനക്ഷമതപോരാ...
എന്നല്ല
വാക്കുകൾ തിരിഞ്ഞു കുത്തുകയും
ചിലപ്പോൾ കരയുകയും
ആക്രോശിക്കുകയും
പിണങ്ങി മാറിനിൽക്കുകയും
കൈവിടുകയും ചെയ്യുന്നു
എന്തിനാണ് നീ
എന്നെ പിടിച്ചുവലിച്ച്
ഇവിടെ പ്രയോഗിച്ചത് എന്ന്
മറ്റു പലപ്പോഴും നീ
എന്നെ എടുത്തു പെരുമാറി
അർത്ഥംതുളുമ്പി ഞാനും
തിമർത്താടി
പക്ഷെ ഇപ്പോൾ
ഇവിടെ
ഇതുപോലൊരുവന്റെ ചെയ്തിക്കെതിരെ
വിശദാംശ വിശകലനത്തിനും
വിമർശനത്തിനും
ശകാരത്തിനും പ്രതിഷേധത്തിനും വേണ്ടി
എന്നെ പ്രയോഗിക്കേണ്ട
മുറിഞ്ഞുപോകുന്നത്
ചതഞ്ഞരയുന്നത്, മൃതമാവുന്നത്
ഞാൻ മാത്രമായിരിക്കും.

അതുകൊണ്ട്
പ്രിയമിത്രമേ
എന്നെ ഇത്തരം
വെള്ള പിശാചുകളെ വിശദമാക്കാൻ
ഉപയോഗിക്കല്ലേ....
ഉപയോഗിക്കല്ലേ.....
എന്ന്
വാക്കുകൾ ഉള്ളിലിരുന്ന്
ഉലയുന്നു.....

(ബർണാഡ്ഷാ മരിച്ചിട്ട് അനുശോചനക്കുറിപ്പെഴുതുമ്പൊഴും ബ്രിട്ടനിലെ പത്രാധിപന്മാരുടെ പേനയിൽ വെറുപ്പും അരിശവും വറ്റാതെ ബാക്കിനിന്നിരുന്നു. ആരായാലും മരിച്ചാൽ നല്ലതേപറയാവൂ എന്ന പൊതുമര്യാദയെ അവഗണിച്ചുകൊണ്ട്... - പ്രൊഫ. ജോസഫ് മുണ്ടശ്ശേരി)